"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തസ്വഭവ-ജീവനക്കാര്യം-ലൈഫ് മിഷൻ സംസ്ഥാന ആഫീസിൽ കരാറടിസ്ഥാനത്തിൽ ഡിവിഷണൽ അക്കൗണ്ടന്റിനെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്

G.O.(Rt) No.612/2021/LSGD തീയതി,തിരുവനന്തപുരം, 26/02/2021

പരാമർശം:- 1 20/03/2020-ലെ 12-ാമത് ലൈഫ് മിഷൻ എസ്.എൽ.ഇ.സി. തീരുമാനം.(

2 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 20/04/2020-ൽ 367/2017/ലൈഫ് നമ്പർ കത്ത്.

ഉത്തരവ്

ലൈഫ് മിഷനിൽ ഭവനസമുച്ചയ നിർമ്മാണം പുരോഗമിക്കുന്ന സാഹചര്യത്തിൽ ഒരു ഡിവിഷണൽ അക്കൗണ്ടന്റിന്റെ സേവനം അനിവാര്യമായതിനാൽ ഡിവിഷണൽ അക്കൗണ്ടന്റ് തസ്തികയിൽ 5 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയമുള്ള, സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച ഒരു വ്യക്തിയെ ഒരു വർഷത്തേക്ക് പ്രതിമാസം 40,000/- രൂപ വേതനത്തിൽ കരാർ വ്യവസ്ഥയിൽ ലൈഫ് മിഷൻ സ്റ്റേറ്റ് ഓഫീസിൽ ഡിവിഷണൽ അക്കൗണ്ടന്റ് ആയി നിയമിക്കുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം തീരുമാനിച്ചിരുന്നുവെന്നും ടി തീരുമാനത്തിന്മേൽ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശം (2) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിയ്ക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. ഡിവിഷണൽ അക്കൗണ്ടന്റ് തസ്തികയിൽ 5 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയമുള്ള, സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച ഒരു വ്യക്തിയെ ഒരു വർഷത്തേക്ക് പ്രതിമാസം 40,000/- രൂപ വേതനത്തിൽ കരാർ വ്യവസ്ഥയിൽ ലൈഫ് മിഷൻ സ്റ്റേറ്റ് ഓഫീസിൽ ഡിവിഷണൽ അക്കൗണ്ടന്റ് ആയി നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എസ്.എ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(DEV-1/249/2020-FIN) തീയതി 16/02/2021.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signature Valid

Digitally signed by REENAMMA P A

Date: 2021.02.26 15:46:25 IST

Reason: Approved

സെക്ഷൻ ഓഫീസർ